(ബി) ഇവയിലെല്ലാം കൂടി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;

(സി) ചെറുകിട വ്യവസായ മേഖലയ്ക്ക് പ്രത്യേകമായി ഏതെല്ലാം ഉല്പന്നങ്ങളാണ് സംവരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; അവയുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പ്രത്യേകമായി ഈ സർക്കാർ ഏതെല്ലാം തലത്തിലുള്ള സഹായങ്ങളാണ് നൽകുന്നത്;

(ഇ) ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിലും വിദേശ വിപണിയിലും വില്പന നടത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 279552 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഏകദേശം 1255000 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി) ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

(ഡി) അനുബന്ധം I എ ആയി ചേർത്തിട്ടുണ്ട്.†

(ഇ) വിപണന പദ്ധതി, വിപണന പ്രോത്സാഹന പദ്ധതി ഇവ ഇതിനുവേണ്ടി രൂപകൽപ്പന ചെയ്തതാണ്. ചെറുകിട വ്യവസായ ഉൽപ്പന്നങ്ങൾ സർക്കാർ, സർക്കാർ നിയന്ത്രണ ഏജൻസികൾ വാങ്ങുമ്പോൾ 15% പ്രൈസ്പ്രിഫറൻസ് നൽകാറുണ്ട്. കൂടാതെ സർക്കാർ, സർക്കാർ നിയന്ത്രണ സ്ഥാപനങ്ങൾ ടെൻഡർ ക്ഷണിക്കുമ്പോൾ നിരതദ്രവ്യം, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ നൽകുന്നതിൽ നിന്നും ഇത്തരം യൂണിറ്റുകളെ ഒഴിവാക്കിയിട്ടുണ്ട്. ഇതുകൂടാതെ എല്ലാ ജില്ലകളിലും പ്രദർശന വിപണന മേളകൾ നടത്തുന്നുണ്ട്. മാത്രമല്ല ആഭ്യന്തര വിപണിയും വിദേശ വിപണിയും ലക്ഷ്യമാക്കി ബിസിനസ്-ടു-ബിസിനസ് മീറ്റ് വ്യവസായ വകുപ്പ് മുൻകൈയെടുത്തു നടത്തിവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കമ്പനികൾ

10 [2782] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കമ്പനികൾ രജിസ്റ്റർ ചെയ്തു;

(ബി) ഇതിൽ പൊതു മേഖലയിലും സഹകാരി മേഖലയിലും എത്ര വീതമെന്ന് പേരുവിവരം സഹിതം വെളിപ്പെടുത്തുമോ?

†അനുബന്ധം I & I എ.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിൽ പൊതുമേഖലയിൽ പുതിയ കമ്പനികളൊന്നും പുതുതായി രജിസ്റ്റർ ചെയ്തിട്ടില്ല.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ 37 സ്വകാര്യ കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ മേഖലയിൽ രജിസ്റ്റർ ചെയ്ത മറ്റു കമ്പനികളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികൾ

11 [2783] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് പദ്ധതി തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി ശുപാർശ പ്രകാരമുള്ള പദ്ധതികൾക്കായി പ്രസ്തുത സാമ്പത്തിക വർഷം വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫെബ്രുവരി 2005 വരെ 5626.96 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി ആന്റ് സി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നവീകരണത്തിനായി 2004-05-ൽ വകയിരുത്തിയിരുന്ന 75 കോടി രൂപയിൽ നിന്നും, പദ്ധതിവിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് കിഴിച്ചിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ

12 [2784] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനിൽ 2003 വരെ എത്ര ജീവനക്കാർ ഉണ്ടായിരുന്നു; ശമ്പളയിനത്തിൽ പ്രതിമാസം എത്ര രൂപ വേണ്ടി വന്നിരുന്നു എന്ന് വെളിപ്പെടുത്താമോ;

†അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly